"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. സി1/22356/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ് (സെക്ഷൻ സി)
LABOUR COMPLEX
4th & 5th FLOOR,
VIKAS BHAVAN
THIRUVANANTHAPURAM -33
തീയതി: 07.08.2017

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.
(വകുപ്പ് വെബ്സൈറ്റ് മുഖേന)

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളിലെ പ്രവേശനം-എസ്.സി/എസ്.റ്റി വിഭാഗങ്ങളിലുള്ള ട്രെയിനികൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 23.12.2010-ലെ സ.ഉ. (സാധാ) നമ്പർ 2071/2010 തൊഴിൽ നമ്പർ ഉത്തരവ്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ടി വിഭാഗത്തിലുള്ള ട്രെയിനികളെ ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന ഒഴിവുകളിൽ ജനറൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിന്, വ്യവസ്ഥകൾക്ക് വിധേയമായി സൂചനയിലെ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ച് അഡ്മിഷൻ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിവരെയും എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ ലഭിക്കാതിരുന്നാൽ ഈ വിവരം അറിയിച്ച്, ടി സംവരണ സീറ്റുകളിൽ ഇതര വിഭാഗത്തിലുള്ള അപേക്ഷകർക്ക് പ്രവേശനം നൽകുവാനുള്ള മുൻകൂർ അനുമതി ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഡയറക്ടർക്ക് അന്നുതന്നെ നിർദ്ദേശം സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ പറയുന്ന എല്ലാ നിബന്ധനകളും പാലിച്ച് അഡ്മിഷൻ ക്ലോസിംഗ് തീയതിയിൽ തന്നെ നിർദ്ദേശം സമർപ്പിച്ച് സ്റ്റേറ്റ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങി അന്നുതന്നെ അഡ്മിഷൻ ക്ലോസ് ചെയ്യാൻ കഴിയാത്ത സാഹചര്യമുള്ളതായി മനസ്സിലാക്കുന്നു. ആയതിനാൽ സർക്കാർ ഉത്തരവിൽ പറയുന്ന എല്ലാ നിബന്ധനകളും പാലിച്ച്, അതായത്, എസ്.സി/ എസ്.ടി ഒഴിവുകൾ അറിയിച്ചുകൊണ്ട് രണ്ട് തവണ പത്രപരസ്യം നൽകുകയും, അഡ്മിഷൻ ക്ലോസ് ചെയ്യേണ്ട അവസാന ദിവസമായ 15.08.2017 വരെയും ടി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ ലഭിക്കാതെയുമിരുന്നാൽ ടി വിവരം അറിയിച്ചുകൊണ്ട് അന്നേ ദിവസം തന്നെ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുള്ള സീറ്റുകളിൽ മറ്റ് വിഭാഗങ്ങളിലുള്ള അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിന് സ്റ്റേറ്റ് ഡയറക്ടറോട് അനുമതി ആവശ്യപ്പെടുന്ന കത്തും നിശ്ചിത അപേക്ഷയും (പകർപ്പ് ഉള്ളടക്കം) സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ബന്ധപ്പെട്ട ജില്ലാതല

നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാണ്.

ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സർക്കാർ/ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിക്കുന്ന ഇത്തരം അപേക്ഷകൾ വിശദമായി പരിശോധിച്ച് സർക്കാർ ഉത്തരവിൽ പറയുന്ന എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെങ്കിൽ, ജനറൽ വിഭാഗത്തിലുള്ള അപേക്ഷകർക്ക് അഡ്മിഷൻ നൽകുന്നതിന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നടപടിക്രമത്തിൻറെ മാതൃകയിൽ താൽക്കാലികമായി അനുവാദം നൽകേണ്ടതും അതിനുശേഷം സാധൂകരണത്തിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിശ്ചിത പ്രൊഫോർമ (മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) യിൽ വിവരങ്ങൾ രേഖപ്പെടുത്തി ശുപാർശ രണ്ട് ദിവസത്തിനുള്ളിൽ ഡയറക്ടറേറ്റിൽ അയച്ചുതരേണ്ടതുമാണ്. ഈ വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് തീയതി 15.08.2017 ആയതിനാൽ ടി തീയതിയ്ക്കു ശേഷം അഡ്മിഷൻ നൽകാൻ പാടുള്ളതല്ല. അഡ്മിഷൻ ക്ലോസിംഗ് തീയതിയായ 15/08/2017 പൊതു അവധി ആയതിനാൽ, എല്ലാ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാരും തങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരെ ടി ദിവസം അഡ്മിഷൻ ക്ലോസിംഗ് നടപടികൾ പൂർത്തീകരിക്കുന്നതിനായി ചുമതലപ്പെടുത്തേണ്ടതും സമയബന്ധിതമായി ടി നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

പി.കെ മാധവൻ

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ്

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം :-

1. അനുബന്ധം-I ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന് നൽകേണ്ട അപേക്ഷയുടെ മാതൃക.
2. അനുബന്ധം-II-ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് താൽക്കാലികമായി നൽകേണ്ട അനുമതിയുടെ മാതൃക.
3. അനുബന്ധം-III ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സാധൂകരണത്തിനായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അയയ്ക്കേണ്ട പ്രൊഫോർമയുടെ മാതൃക.
4. 23.12.2010-ലെ സർക്കാർ ഉത്തരവിൻറെ പകർപ്പ്.

എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.
(വകുപ്പ് വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1. എല്ലാ ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (23.12.10-ലെ സർക്കാർ ഉത്തരവിൻറെ പകർപ്പ് സഹിതം)
(കത്തിൻറെ പകർപ്പ് താങ്കളുടെ പരിധിയിൽ വരുന്ന എല്ലാ ഗവ./ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് അയച്ചു കൊടുക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ടി വിഷയത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്).
2. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും
(കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതുമാണ്).

Annexure-I

## Application for filling up the vacant seats reserved for SC/ST

(to be submitted to the principals of Nodal ITI s)

1. Name & Address of Govt./Pvt. ITI:....:..............................
2. Name of Principal:........................................................
3. MIS Unique ID of Govt./Pvt. ITI:.....................................
4. Telephone No. & E-mail id of Govt./Pvt.ITI:.....................
5. Name of Nodal ITI:........................................................
6. Details regarding the vacant SC/ST seats:....................

| Sl.No. | Name of Trade | No. of Units | No. of vacant SC/ST seats | Name,Date & Page no. of newspapers where the advertisement was published | |
|---|---|---|---|---|---|
| | | | | Details of first advertisement | Details of second advertisement |
| | | | | | |
| | | | | | |

Certified that no applications have been received from SC/ST applicants for the above mentioned trades till 15/08/2017.

Enclosure: Original newspapers in full page.

Name & Signature of Govt. ITI Principal with date.

Annexure II

................................ഐ.ടി.ഐ പ്രിൻസിപ്പാളിൻറെ നടപടിക്രമം

(നിലവിൽ................................................)

വിഷയം: ഗവ.ഐ.ടി.ഐ...................................സർക്കാർ / സ്വകാര്യ ഐ.ടി.ഐകളിലെ പ്രവേശനം - എസ്.സി /എസ്.ടി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ

ആവശ്യത്തിന് അപേക്ഷകരില്ലാത്ത പക്ഷം ജനറൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് താൽക്കാലിക

അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:1. 23-12-2010 ലെ സ.ഉ(സാധാ) നം. 2071/ /2010/തൊഴിൽ നമ്പർ ഉത്തരവ്.

2. ട്രെയിനിംഗ് ഡയറക്ടറുടെ ......07/2017 ലെ സി1/22356/2017 നമ്പർ കത്ത്.

3. .............ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാളിൻറെ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ .........................തീയതി................**

സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിലെ വിവിധ ട്രേഡുകളിലെ യൂണിറ്റുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകരില്ലാത്ത പക്ഷം ജനറൽ വിഭാഗത്തിലെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ നിബന്ധനകളും പാലിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് താൽക്കാലിക അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ലഭിച്ചിട്ടുള്ള ശുപാർശ വിശദമായി പരിശോധിച്ചതിൽ നിന്നും പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ..................ഐ.ടി.ഐയിലെ ഒഴിവുള്ള എസ്.സി/എസ്.ടി സംവരണ സീറ്റുകളിലേയ്ക്ക് പരാമർശം (1) ലെ എല്ലാ നിബന്ധനകൾക്കും വിധേയമായി ജനറൽ വിഭാഗത്തിപ്പെട്ട ............എണ്ണം കുട്ടികളെ താഴെപ്പറയുന്ന ട്രേഡുകളിൽ പ്രവേശിപ്പിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടറുടെ സാധൂകരണത്തിന് വിധേയമായി താൽക്കാലികമായി അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ട്രേഡിൻറെ പേര് | യൂണിറ്റുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം |
|---|---|---|---|
| | | | |
| | | | |

പ്രിൻസിപ്പാൾ

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ........................ഐ.ടി.ഐ..................

2.ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം.

Annexure-III

## PROFORMA

(To be submitted by the Principals of District Nodal ITIs to the Director of Training for getting ratification for sanction given for admitting general applicants to vacant SC/ST reserved seats)

1. Name & Address of District Nodal ITI:.................................

2. Name of the Principal:.......................................................

3. Telephone No.&E-mail ID of Nodal ITI:...............................

| Sl.No. | Name of Govt./Pvt. ITI | Name of Trade | No. of Units | Name, Date & Page no. of newspapers where the advertisement was published | | No. of Seats sanctioned | Order no.&Date of sanction |
|---|---|---|---|---|---|---|---|
| | | | | Details of first Advertisement | Details of second Advertisement | | |
| | | | | | | | |
| | | | | | | | |

I............................., Principal of ITI ................................., hereby declare that I have thoroughly verified all the documents received the principals before giving sanction to fill the seats reserved for SC/ST by the general applicants.

Enclosure: Original newspapers in full page

Name & Signature of Nodal ITI Principal